# <u>പത്രക്കുറിപ്പ്</u>

## <u>ബഹു മാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി അവർകളുടെ സന്ദർശനത്തോടനുബന്ധിച്ച്</u>
## <u>19.12.2017 തീയതി തിരു.നഗരത്തിൽ ഗതാഗതനിയന്ത്രണം ഉണ്ടയിരിക്കുന്നതാണ്.</u>

**19.12.2017** തീയതി ഉച്ചയ്ക്ക് **04.00** മണിമുതൽ **08.00** മണിവരെ എയർപോർട്ട്, ആൾസെയിൻസ്, ചാക്ക, പേട്ട, പാറ്റൂർ, ജനറൽ ആശുപത്രി, ആശാൻ സ്ക്വയർ, രക്തസാക്ഷി മണ്ഡപം, ആർ.ആർ.ലാംമ്പ്, മ്യൂസിയം, കെൽട്രോൺ, മാനവീയംവീഥി, ആൽത്തറ, എസ്.എം.സി. വഴുതക്കാട്, ഡാണമുക്ക്, ഗസ്റ്റ് ഹൗസ്, മേട്ടുക്കട വരെയുള്ള റോഡിലും ചാക്ക, ഈഞ്ചയ്ക്കൽ, മുട്ടത്തറ, കല്ലുംമൂട്, കുമരിച്ചന്ത, എസ്.എം. ലോക്, പൂന്തുറ, സെന്റ്.ജോർജ്ജ് ചർച്ച്, തിരുവല്ലം വരെയുള്ള റോഡിൽ ഗതാഗത നിയന്ത്രണവും, പാർക്കിംഗ് നിയന്ത്രണവും ഉണ്ടായിരിക്കുന്നതാണ്.

ടി റോഡുകളിൽ അന്നേദിവസം രാവിലെ മുതൽ കർശന പാർക്കിംഗ് നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ്. ആയതിന് വിപരീതമായി പ്രവർത്തിക്കുന്നവർക്കെതിരെ യാതൊരു മുന്നറിയിപ്പും കൂടാതെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്. പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ ഡ്രൈവറോ, ക്ലീനറോ, ഉണ്ടായിരിക്കേണ്ടതാണ്. വാഹനങ്ങൾ പൂട്ടിയിട്ട് പോകുന്ന അവസരങ്ങളിൽ ഏതെങ്കിലും ഫോൺ നമ്പർ വ്യക്തമായി കാണുന്ന രീതിയിൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഗതാഗത തടസ്സം സൃഷ്ടിച്ച് പാർക്ക് ചെയ്യുന്ന വാഹനങ്ങളെ റിക്കവറി വാഹനം ഉപയോഗിച്ച് നീക്കം ചെയ്ത് നിയമ നടപടി സ്വീകരിക്കുന്നതാണ്.

തിരു.ഗസ്റ്റ് ഹൗസിന് നൂറ് മീറ്റർ ചുറ്റളവിലുള്ള ഒരു റോഡിലും(മേട്ടുക്കട, സംഗീത കോളേജ്, മോഡൽ സ്കൂൾ ജംഗ്ഷൻ, ആർട്ട്സ് കോളേജിന് മുൻവശം, ഡാണാമുക്ക്) വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ അനുവദിക്കുന്നതല്ല.

<u>വാഹനങ്ങൾ വഴിതിരിച്ച് വിടുന്ന സ്ഥലങ്ങൾ</u>

- കോവളം ബൈപ്പാസ് വഴി തിരുവനന്തപുരം നഗരത്തിലേയ്ക്ക് വരുന്ന വാഹനങ്ങൾ തിരുവല്ലം പാലം ഭാഗത്തു നിന്നും തിരിഞ്ഞ് കമലേശ്വരം, മണക്കാട് വഴി പോകേണ്ടതാണ്.
- കഴക്കൂട്ടം ബൈപ്പാസ് വഴി വരുന്ന ചെറിയ വാഹനങ്ങൾ കുഴിവിള ജംഗ്ഷനിൽ നിന്നോ വെൺപാലവട്ടം ജംഗ്ഷനിൽ നിന്നോ തിരിഞ്ഞ് പോകേണ്ടതാണ്.
- കഴക്കൂട്ടം ബൈപ്പാസ് വഴി വരുന്ന കെ.എസ്.ആർ.ടി.സി ഉൾപ്പടെയുള്ള ഹെവി വാഹനങ്ങൾ കാര്യവട്ടം, ശ്രീകാര്യം വഴി പോകേണ്ടതാണ്.
- പൂന്തുറ ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ ബീമാപള്ളി, വലിയതുറ വഴി പോകേണ്ടതാണ്.
- നെടുമങ്ങാട് നിന്നും വരുന്ന വാഹനങ്ങൾ പേരൂർക്കട നിന്നും തിരിഞ്ഞ് പൈപ്പിൻമൂട്, ശാസ്തമംഗലം, ഇടപ്പഴിഞ്ഞി, ജഗതി കണ്ണേറ്റുമുക്ക് വലിയശാല വഴി പോകേണ്ടതാണ്.
- എം.സി റോഡിൽ നിന്നും വരുന്ന കെ.എസ്.ആർ.ടി.സി ഉൾപ്പടെയുള്ള ഹെവി വാഹനങ്ങൾ പട്ടത്തു നിന്നും തിരിഞ്ഞ് കുറവൻകോണം - കവടിയാർ – വെള്ളയമ്പലം - ശാസ്തമംഗലം, ഇടപ്പഴിഞ്ഞി, ജഗതി കണ്ണേറ്റുമുക്ക് വലിയശാല വഴി പോകേണ്ടതാണ്.
- ശംഖുമുഖം, ആൾസെയിന്റ്സ്, വെട്ടുകാട് ഭാഗത്തേയ്ക്ക് വരേണ്ട വാഹനങ്ങൾ വലിയതുറ ഭാഗത്തുനിന്നും തിരിഞ്ഞ് കല്ലുംമൂട് ഭാഗത്തേയ്ക്ക് പോകേണ്ടതാണ്.
- വേളി ഭാഗത്തു നിന്നും ശംഖുമുഖത്തേയ്ക്ക് വരേണ്ട വാഹനങ്ങൾ വേളി റെയിൽവേ ഗേറ്റിൽ നിന്നും തിരിഞ്ഞ് വെൺപാലവട്ടം, വഴി പോകേണ്ടതാണ്.

<u>പാർക്കിംഗ്</u>

പ്രധാനമന്ത്രി അവർകളുടെ സന്ദർശനത്തോടനുബന്ധിച്ച് ഗസ്റ്റ്ഹൗസിൽ എത്തുന്ന വാഹനങ്ങൾ അവിടെ ആളെ ഇറക്കിയശേഷം തൈക്കാട് PWD റസ്റ്റ്ഹൗസിൽ എത്തി പാർക്ക് ചെയ്യേണ്ടതാണ്. സന്ദർശനവുമായി ബന്ധപ്പെട്ട് ഔദ്യോഗിക പാസ്സില്ലാത്ത ഒരു വാഹനവും റസ്റ്റ് ഹൗസ് /ഗസ്റ്റ് ഹൗസ് പരിസരത്തോ പാർക്ക് ചെയ്യാൻ അനുവദിക്കുന്നതല്ല.

മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങൾ എർപ്പെടുത്തിയിരിക്കുന്നതിനാൽ വിമാനത്താവളത്തിലേയ്ക്ക് വരുന്ന യാത്രക്കാർ കാലേക്കൂട്ടി വിമാനത്താവളത്തിൽ എത്തേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്. ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:- 0471-2558732.
0471-2558731

Sd/-
പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ്ബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി.